# ക്ഷമിക്കുന്നവരാകുവിൻ

## എഫെസ്യർ 4:32

**"നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ."**

കൃപയാൽ വിശ്വാസം മൂലം രക്ഷ പ്രാപിച്ച ഒരു ദൈവപൈതലിന്റെ ഒരു പ്രധാന സ്വഭാവ ത്തെപ്പറ്റിയാണ് പൗലോസ് അപ്പോസ്തോലൻ പ്രതിപാദിച്ചിരിക്കുന്നത്. 'ക്ഷമിക്കുക' എന്നത് നമ്മെ കർത്താവ് സ്വന്തജീവിതത്തിലൂടെ പഠിപ്പിച്ചു തന്നിരിക്കുന്നു. അവന്റെ ദീർഘക്ഷമയാ ലാണ് നാം ഇന്ന് മുടിഞ്ഞുപോകാതെ നിലനിൽക്കുന്നത്. ദൈവം ക്രിസ്തുവിൽ നമ്മോടു ക്ഷമിച്ചു. അതുപോലെ നാമും ദയയും, മനസ്സലിവുള്ളവരുമായി അന്യോന്യം ക്ഷമിക്കണം, എങ്കിൽ മാത്രമാണ് ക്രിസ്തുവിന്റെ അനുകാരികൾ ആകുകയുള്ളൂ. നമ്മുടെ പിതാവ് സൽഗുണപൂർണ്ണനായിരിക്കുന്നതുപോലെ നാമും സൽഗുണപൂർണ്ണരായിരിക്കണം. അതാണ് കർത്താവ് നമ്മെ പഠിപ്പിച്ചു തന്നത്. ക്രൂശോളം വേദനകൾ സഹിക്കുമ്പോഴും തന്നെ പീഡിപ്പിക്കുന്നവരോട് ക്ഷമിക്കാൻ കർത്താവ് പിതാവിനോട് അപേക്ഷിച്ചു.

പ്രിയരേ, ഇന്നും നമ്മുടെ കർത്താവ് നിരന്തരം നമ്മുടെ അകൃത്യങ്ങളും പാപങ്ങളും നമ്മോട് ക്ഷമിക്കുന്നു. അനുതാപത്തോടെ അവന്റെ അടുക്കലേക്ക് ചെല്ലുന്നവരെ അവൻ തന്റെ സ്നേഹത്താൽ പൊതിയുന്നു. ഈ നിർവാജ്യ സ്നേഹം നമ്മിൽ നിറയുമ്പോൾ അന്യോന്യം ക്ഷമിക്കാൻ നമുക്കും സാധിക്കും. അതുകൊണ്ട് ആ കാലഘട്ടത്തിൽ ക്രിസ്തു വിനെ മറ്റുള്ളവർക്ക് വെളിപ്പെടുത്തുവാനായി അവന്റെ സ്നേഹം പങ്കിട്ടു കൊടുക്കുകയും അന്യോന്യം ക്ഷമിക്കുകയും ചെയ്യാം.

പലപ്പോഴും നമ്മുടെ ജീവിതത്തിൽ പല അനുഗ്രഹങ്ങളും തടസ്സപ്പെട്ടു കിടക്കുന്നത് അന്യോന്യം ഉള്ള ക്ഷമയുടെ അഭാവം മൂലമാണ്. മർക്കോസ് 11:25,26 ൽ കർത്താവ് നമ്മെ പഠിപ്പിക്കുന്നത് അതാണ്. ഏതു സാഹചര്യത്തിലും പ്രതികാരചിന്തയില്ലാതെ നമുക്ക് സൗമ്യ തയും ദീർഘക്ഷമയും ഉള്ളവരായിരിക്കാം. അതിനായി കർത്താവിന്റെ സ്നേഹം നമ്മിൽ നിറയുവാനായി നമ്മുടെ ജീവിതങ്ങളെ ദൈവത്തിനു സമർപ്പിക്കാം. എങ്കിൽ മാത്രമേ സകല സൽഗുണങ്ങളോടും കൂടി നമുക്കും അന്യോന്യം ക്ഷമിക്കുവാനും ക്രിസ്തുവിന്റെ അനു യായികളായി ജീവിക്കുവാനും സാധിക്കുകയുള്ളൂ. നമ്മുടെ സകല പാപങ്ങളും ദൈവസ ന്നിധിയിൽ ഏറ്റുപറഞ്ഞ് ക്ഷമിക്കുവാനും അതുമൂലം മറ്റുള്ളവരോടും ക്ഷമിക്കുവാൻ ദൈവം നമ്മെ പ്രാപ്തരാക്കുന്നു. അതിനായി പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.

പരാമർശം:

കൊലൊസ്സ്യർ 3:13

അന്യോന്യം പൊറുക്കയും ഒരുവനോടു ഒരുവന്നു വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കയും ചെയ്‌വിൻ.

**സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 017**